**CENTRAL SANSKRIT UNIVERSITY**
Under Ministry of Education
**GURUVAYOOR CAMPUS**
Puranattukkara, Thrissur - 680551

# NOTICE 211

**Dt: 19.11.2024**

All the students (PSI, SI, AI, SSI, and ITEP) who are belonging to SC/ST (Fresh Candidates), PSI (OBC, OEC, OBC (H), General (Fresh Candidates) are hereby directed to approach any Akshaya Centre for their online registration for obtaining E-grantz Scholarship from the State Government. (Cast Certificate, Income Certificate, Qualification, Bank Account Details with IFSC Code, Aadhaar Details, and Photo are mandatory for E – grantz registration)

After the completion of registration they have to submit the application form along with the Original Caste Certificate, Income Certificate, Qualification, Bank Account Details with IFSC Code, Aadhaar details and photo in this office through the respective Class teachers.

The class teachers are hereby requested to give necessary guidelines to the students in this respect.

Further, all the students are also directed to submit an application mentioning their mode of accommodation distance from the institution to accommodation. They are also directed to mention the monthly expense of accommodation, if they accommodate in private hostel as follows to the class in charges.

| Sl. No | Name of student | Category | Mode of accommodation | Mention Weather distance from the place of accommodation to the institution is >8km or <8km | Monthly expense if private accommodation |
|---|---|---|---|---|---|
| | | | | | |

***NB:***

1. ***If the student opt for the E Grantz Scholarship from the state government their application for the C.S.U scholarship will be rejected.***
2. ***Circulate among the Class Teachers with the direction to guide concerned students of their Class & comply the above guidelines in time positively.***

**DIRECTOR**

**Copy for information and n.a. pl. to:-**

1. Circulate among the class teachers and students
2. Notice file
3. Concerned file
4. Website.

**തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കാര്യാലയം**

സിവിൽ സ്റ്റേഷൻ, തൃശ്ശൂർ- 680 003

Phone: 0487- 2360381 E-mail: ddosctcr@gmail.com

No: **DDOTSR/508/2024-E5.** Date: 18-11-2024

അസി. ജില്ലാ പട്ടികജാതി വികസന ഓഫീസർ

തൃശ്ശൂർ

എല്ലാ സ്ഥാപനമേധാവികൾക്കും

സർ,

വിഷയം:- പട്ടികജാതി വികസനം - പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 2024-25 വർഷത്തെ അപേക്ഷകൾ ചെയ്യുന്നതിന് E-grantz 3.0 **സൈറ്റ് ഓപ്പൺ** ചെയ്യുന്നത് സംബന്ധിച്ച്

സൂചന:-

1) GO (P) NO.02/2023/SCSTD DATED: 05/01/2023
2) GO (P) NO. 01/2023/BCDD DATED : 23/03/2023
3) പ ജ വി വ ഡയറക്ടറുടെ 15/11/24 ലെ SCDD/5664/2023-B1(EDN B) നം കത്ത്

സംസ്ഥാനത്തിനകത്ത് അംഗീകൃത സ്ഥാപനങ്ങളിലെ അംഗീകൃത കോഴ്സുകൾക്ക് നിയമാനുസൃതം മെറിറ്റ്/ റിസർവേഷൻ വ്യവസ്ഥയിൽ പ്രവേശനം നേടുന്ന പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റർഹ/ തത്തുല്യ വിഭാഗ വിദ്യാർത്ഥികൾക്ക് പരാമർശ ഉത്തരവുകളിലെ വ്യവസ്ഥകളനുസരിച്ച് സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു. പരാമർശ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റർഹ/ തത്തുല്യ വിഭാഗ വിദ്യാർത്ഥികളുടെ 2024-25 വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ സ്ഥാപനത്തിൽ നിന്ന് E-grantz 3.0 പോർട്ടൽ മുഖേന സ്വീകരിക്കുകയും ബന്ധപ്പെട്ട അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായി സ്കോളർഷിപ്പ് വിതരണം നടത്തുകയും ചെയ്യേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ 2024-25 വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും പരാമർശ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

1. **പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ 2024-25 വർഷത്തെ ഇ-ഗ്രാന്റ്സ് അപേക്ഷകൾ** സമർപ്പിക്കുന്നതിനായി പോർട്ടൽ ഓപ്പണിംഗ്/ ക്ലോസിംഗ് സമയക്രമം ചുവടെ പറയും പ്രകാരമായിരിക്കും

| | |
|---|---|
| **പോർട്ടൽ ഓപ്പണിംഗ്** | **2024 നവംബർ 15** |
| **പോർട്ടൽ ക്ലോസിംഗ്** | **2025 ഫെബ്രുവരി 28** |

2024-25 വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ മേൽ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിച്ചിരിക്കണം. സ്കോളർഷിപ്പ് അപേക്ഷ രജിസ്റ്റർ ചെയ്യുന്നതിന് വിദ്യാർത്ഥിക്ക് ആധാർ സീഡ് ചെയ്ത ബാങ്ക് അക്കൗണ്ട് നിർബന്ധമാണ്. സമയ പരിധിക്ക് ശേഷമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

2. UDISE/AISHE Code ഇല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് അപേക്ഷകളുടെ രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല.

3. ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികളിൽ നിന്നും അഡ്മിഷൻ സമയത്ത് സ്ഥാപനം മുൻകൂർ ഫീസ് വാങ്ങുവാൻ പാടുള്ളതല്ല. ഇതിനായി ഇ- ഗ്രാന്റ്സ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോ ലഭിച്ചതിനു ശേഷം ഇ- ഗ്രാന്റ്സ് പോർട്ടലിൽ സ്കോളർഷിപ്പ് അപേക്ഷ രജിസ്റ്റർ ചെയ്ത് ഫ്രീഷിപ്പ് കാർഡ് ഡൗൺലോഡ് ചെയ്യേണ്ടതും അഡ്മിഷൻ സമയത്ത് ഫ്രീഷിപ്പ് കാർഡ് സ്ഥാപനത്തിൽ ഹാജരാക്കി മുൻകൂർ ഫീസ് ഒടുക്കുന്നതിൽ നിന്നും ഇളവ് ലഭ്യമാക്കേണ്ടതുമാണ്. പരാമർശം ഉത്തരവിലെ നിബന്ധനകൾ പ്രകാരം സ്കോളർഷിപ്പ് ലഭിക്കുവാൻ അർഹതയുള്ള വിദ്യാർത്ഥികൾ മാത്രമേ ഇപ്രകാരം ഓൺലൈൻ അപേക്ഷ രജിസ്റ്റർ ചെയ്യുവാനും ഫ്രീഷിപ്പ് കാർഡ് ജനറേറ്റ് ചെയ്യുവാനും പാടുള്ളൂ. വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച ഡേറ്റ സ്ഥാപന മേധാവികൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ഓൺലൈൻ അപേക്ഷ അംഗീകാരത്തിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അയക്കേണ്ടതുമാണ്. തെറ്റായി വിവരങ്ങൾ രേഖപ്പെടുത്തി ഫ്രീഷിപ്പ് കാർഡ് ജനറേറ്റ് ചെയ്യുന്ന വിദ്യാർത്ഥികളുടെ മേൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

3(a ) സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾ അഡ്മിഷൻ വേളയിൽ ഫ്രീഷിപ്പ് കാർഡ് സ്ഥാപനത്തിൽ ഹാജരാക്കേണ്ടതാണ്. ഫ്രീഷിപ്പ് കാർഡ് ഹാജരാക്കാത്തതിന്റെ പേരിൽ അഡ്മിഷൻ സമയത്ത് മുൻകൂർ ഫീസ് വാങ്ങുവാൻ പാടില്ല.

അഡ്മിഷൻ സമയത്ത് ഫ്രീഷിപ്പ് കാർഡ് ഹാജരാക്കാത്ത വിദ്യാർത്ഥികൾ ഇ- ഗ്രാന്റ്സ് പോർട്ടലിൽ നിന്നും ഫ്രീഷിപ്പ് കാർഡ് ജനറേറ്റ് ചെയ്ത് സ്ഥാപനത്തിൽ ഹാജരാക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്. ഇത്തരത്തിൽ ഫ്രീഷിപ്പ് കാർഡ് സ്ഥാപനത്തിൽ ഹാജരാക്കാത്തപക്ഷം മുൻകൂർ ഫീസ് ഒടുക്കുന്നതിൽ നിന്നുള്ള ആനുകൂല്യത്തിന്റെ പരിരക്ഷ പ്രസ്തുത വിദ്യാർത്ഥിക്ക് നഷ്ടപ്പെടുന്നതാണ് എന്നുള്ള വിവരം വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും അറിയിക്കേണ്ടതാണ്.

4. അർഹതപ്പെട്ട സ്കോളർഷിപ്പ് തുക അതാത് അധ്യയന വർഷാരംഭത്തിൽ തന്നെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടത് അനിവാര്യമായതിനാൽ വിദ്യാർത്ഥികൾ യഥാസമയം അപേക്ഷകൾ രജിസ്റ്റർ ചെയ്യുകയും രജിസ്റ്റർ ചെയ്യപ്പെടുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും കേന്ദ്ര വിഹിതം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ഇത് അനിവാര്യമായതിനാൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിനും തീർപ്പാക്കുന്നതിനും ചുവടെ പറയും പ്രകാരം സമയക്രമം നിശ്ചയിക്കുന്നു.

| | | |
|---|---|---|
| i | വിദ്യാർത്ഥികൾ അപേക്ഷ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയം | അഡ്മിഷൻ ലഭിച്ച് വിജ്ഞാപന പ്രകാരമുള്ള അവസാന തിയതി വരെ മാത്രമേ അപേക്ഷകൾ സ്വീകരിക്കുകയുള്ളു |
| | | |

| | | |
|---|---|---|
| ii | വിദ്യാർത്ഥികളുടെ അപേക്ഷ **സ്ഥാപനത്തിൽ** നിന്നും അപ്രൂവലിനായി അയക്കുന്നതിനുള്ള **സമയം** | അപേക്ഷ **ലഭ്യമായി** 10 **ദിവസത്തിനുള്ളിൽ** |
| IV | അപേക്ഷ ന്യൂനത പരിഹരിച്ച് തിരികെ സമർപ്പിക്കുന്നതിന് **സ്ഥാപന** മേധാവിക്ക് അനുവദിക്കുന്ന സമയം | **അപേക്ഷ** തിരികെ ലഭ്യമായി 5 **ദിവസത്തിനുള്ളിൽ [** ന്യൂനത **പരിഹരിച്ച്** തിരികെ **അയക്കുന്നതിനായി സ്ഥാപനമേധാവിയ്ക്ക്** ഒറ്റ **തവണ മാത്രമേ** അവസരം നൽകുകയുള്ളൂ. അസിസ്റ്റന്റ് **ജില്ലാ പട്ടികജാതി** വികസന ആഫീസർ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ന്യൂനതകളും പരിഹരിച്ച് വേണം തിരിച്ചയക്കേണ്ടത്] |

5. **വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷയിലെ കോഴ്സ്, കോഴ്സ് ഇയർ, അക്കോമഡേഷൻ സ്റ്റാറ്റസ് ,ഫീസ്സ് സംബന്ധമായ എല്ലാ വിവരങ്ങളും പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രമേ സ്ഥാപനത്തിൽ നിന്നും അംഗീകാരത്തിനായി അയക്കുവാൻ പാടുള്ളൂ. അപേക്ഷ അപ്രൂവൽ ആയാൽ യാതൊരു മാറ്റങ്ങളും പിന്നീട് സാധിക്കുകയില്ല എന്നതു പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു .**

6. **ഇ- ഗ്രാന്റ്സ് സ്കോളർഷിപ്പ് വിതരണം പോർട്ടലിലായതിനാൽ വിവരങ്ങളുടെ സൂക്ഷ്മവും ശ്രദ്ധാപൂർവ്വവുമായ പരിശോധന ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടേയും ഉത്തരവാദിത്തമാണ്. ഒരിക്കൽ അപ്രൂവൽ ലഭിച്ച അപേക്ഷയിലെ വിവരങ്ങൾ പിന്നീട് ഒരു സാഹചര്യത്തിലും തിരുത്തൽ വരുത്തുവാൻ അവസരമുണ്ടായിരിക്കുന്നതല്ല. തെറ്റായ വിവരങ്ങൾ അപേക്ഷ അപ്രൂവലായെന്നു കാണുന്ന പക്ഷം ആയതു കാരണമായി സർക്കാരിനോ വിദ്യാർത്ഥികൾക്കോ സംഭവിക്കുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.**

വിശ്വസ്തതയോടെ,

**Signed by Usha K Nair**
**Date: 18-11-2024 14:41:34**

**ASSISTANT DISTRICT DEVELOPMENT OFFICER**